DESPATCHED
On..04/03/2020

5/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ C.P. No.258(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.2824/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ.എബി ജോസഫ്
കുഴിമറ്റത്തിൽ വീട്,
കടവൂർ പി.ഒ
പൈങ്ങോട്ടൂർ, എറണാകുളം.
} പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ലേ സെക്രട്ടറി & ട്രഷറർ
സൂപ്രണ്ടിന്റെ കാര്യാലയം,
മെഡിക്കൽ കോളേജ്, നെഞ്ചുരോഗാശുപത്രി
മുളംകുന്നത്തുകാവ്, തൃശ്ശൂർ.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 01.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 18.02.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 23.02.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 04.02.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,തൃശ്ശൂർ. |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.എബി ജോസഫ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ വ്യക്തതയില്ലായിരുന്നുവെന്നും ഒന്നാം അപ്പീൽ അധികാരി യുടെ വിവരം പോലും മേൽപ്പടി മറുപടിയിൽ നൽകിയിരുന്നില്ലായെന്നും ആയതി നാൽ ടിയാൻ അപ്പീൽ അപേക്ഷ സമർപ്പിച്ചെങ്കിലും അത്തരത്തിലുള്ള അഡ്രസ്സ് നില വിലില്ലായെന്ന് രേഖപ്പെടുത്തി തിരികെ വന്നുവെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ത്, 06.01.2014 ൽ ചികിൽസയിലിരിക്കെ മരണമടഞ്ഞ ടിയാന്റെ പിതാവ് മത്തായി ജോസഫ് എന്ന വ്യക്തിയുടെ ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ് നൽകണമെന്നാണ്.

മേൽപ്പടി അപേക്ഷയിൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അവകാശ സർട്ടിഫിക്കറ്റും വിവരാവകാശ ഫീസായി പേജൊന്നിന് 2 രൂപ നിരക്കിൽ ചെല്ലാൻ രസീതും ഹാജരാ ക്കണമെന്നാണ്. ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, എതിർകക്ഷി തീയതി പോലും രേഖപ്പെടുത്താത്ത മറുപടിയാണ് ടിയാന് നൽകിയ തെന്നും ടിയാൻ ആവശ്യപ്പെട്ട ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ് എത്ര പേജ് ഉണ്ടെന്നോ മൊത്തം എത്ര രൂപ അടയ്ക്കണമെന്നോ വ്യക്തമാക്കിയില്ലായെന്നും, മരണമടഞ്ഞ ടിയാന്റെ പിതാവും ടിയാനുമായുള്ള ബന്ധം തെളിയിക്കുവാൻ വില്ലേജ് ഓഫീസർ നൽകുന്ന റിലേഷൻ സർട്ടിഫിക്കറ്റ് മതിയായിരിക്കെ ടിയാനെ ബുദ്ധിമുട്ടിക്കുന്നതി നായി അവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ നിർദ്ദേശിച്ചത് ശരിയല്ലെന്നും ആയത് വിവരാവകാശ നിയമത്തിന്റെ ലംഘനമാണെന്നും ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സും മറ്റും നൽകിയില്ലാ എന്നും മറ്റുമാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകിയിരുന്നുവെന്നും ട്രീറ്റ്മെന്റ് സർട്ടി ഫിക്കറ്റ് ആവശ്യപ്പെട്ട് രണ്ട് വ്യത്യസ്ത വ്യക്തികൾ വിവരാവകാശ നിയമ പ്രകാരം അപേക്ഷ നൽകിയതിനാലാണ് യഥാർത്ഥ അവകാശി ആരാണെന്ന് തെളിയിക്കുന്ന അവകാശ സർട്ടിഫിക്കറ്റും ഫീസ് ഒടുക്കിയ രസീതും ഹാജരാക്കാൻ നിർദ്ദേശിച്ച

RIGHT TO INFORMATION

തെന്നും എന്നാൽ അത്തരത്തിലുള്ള സർട്ടിഫിക്കറ്റോ ഫീസ് ഒടുക്കിയ രസീതോ ഹർജിക്കാരൻ ഹാജരാക്കിയിട്ടില്ല എന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട സർട്ടിഫിക്കറ്റ് ഈ അവസരത്തിൽ ടിയാന് ആവശ്യമില്ലായെന്നാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ സാക്ഷ്യപത്രം മതിയായ രേഖ ആയിരുന്നു എന്ന് കമ്മീഷൻ വിലയിരുത്തുന്നു. അപ്രകാരം തന്നെ ഹർജിക്കാരന് എതിർകക്ഷി നൽകിയ മറുപടിയിൽ വ്യക്തതയില്ലായിരുന്നു എന്നും കാണുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖക്ക് പേജൊന്നിന് രണ്ടു രൂപ നിരക്കിൽ ഫീസ് ഒടുക്കി രസീത് തയ്യാറാക്കാനാണ് നിർദ്ദേശിച്ചത് എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ എത്ര പേജുകളിൽ അടങ്ങിയിരിക്കുന്നുവെന്നോ എത്ര തുക ഒടുക്കണമെന്നോ അറിയിച്ചിരുന്നില്ല എന്നും കാണുന്നു. അപ്രകാരംതന്നെ മേൽ മറുപടിയിൽ SPIO യുടെ പേര് നൽകിയിരുന്നില്ലായെന്നും ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകിയിരുന്നില്ലെന്നും കാണുന്നു. ആയതിനാലാണ് ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ ടിയാന് തിരികെ ലഭിച്ചത് എന്നും കാണുന്നു. മേൽപ്പടി വീഴ്ചകൾ വിവരാവകാശ നിയമ പ്രകാരം ഗുരുതരവും കുറ്റകരവുമായി കാണുന്നതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ SPIO ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ നേരിൽക്കണ്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

RIGHT TO INFORMATION

6. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ ആവശ്യമില്ലെന്ന് ടിയാൻ വ്യക്തമാക്കിയ സാഹചര്യത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 5–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

suja

RIGHT TO INFORMATION